GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 15/07/2026

1. കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ, കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ മണ്ണുത്തി വെറ്ററിനറി കോളേജിൽ വെച്ച് 2026 ജൂലൈ 17 ന് വെള്ളിയാഴ്ച 9 മണി മുതൽ 'തെരുവു നായ്ക്കളുടെ സുസ്ഥിരമായ ജനസംഖ്യാ നിയന്ത്രണവും പേവിഷബാധാ നിയന്ത്രണവും കേരളത്തിൽ' എന്ന വിഷയത്തെക്കുറിച്ച് സംസ്ഥാനതല ശിൽപശാല സംഘടിപ്പിക്കുന്നു. സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് മന്ത്രി ബിന്ദു കൃഷ്ണ, തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി കെ.എം.ഷാജി, യുവജനക്ഷേമ കായിക വകുപ്പ് മന്ത്രി ഒ.ജെ.ജനീഷ് എന്നിവർ പങ്കെടുക്കുന്ന ഈ ശിൽപശാലയിൽ സുസ്ഥിരവും ദീർഘകാലാടിസ്ഥാനത്തിലുമുള്ള തെരുവ് നായ നിയന്ത്രണം,

ഏകാരോഗ്യവും പേവിഷബാധാ നിയന്ത്രണവും, ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പൊതുസമൂഹത്തിനുമുള്ള പങ്കാളിത്തം, നിയമപരവും മൃഗക്ഷേമപരവുമായ വീക്ഷണം, തുടങ്ങിയ വിവിധ അനുബന്ധ വിഷയത്തെക്കുറിച്ചുള്ള ക്ലാസുകളും ചർച്ചകളും ഉണ്ടായിരിക്കുന്നതാണ്.

2. കർഷക സുരക്ഷയും വിള സംരക്ഷണവും ഉറപ്പാക്കുന്നതിനായി കൃഷി വകുപ്പ് നടപ്പിലാക്കുന്ന കാലാവസ്ഥ അധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി (WBCIS) – ഖരീഫ് 2026 സീസൺ അപേക്ഷ ക്ഷണിച്ചു. അർഹതപ്പെട്ട കർഷകർക്ക് അംഗീകൃത ഏജൻസികളിലൂടെയോ ഔദ്യോഗിക ഓൺലൈൻ പോർട്ടലിലൂടെയോ അപേക്ഷ സമർപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കും അപേക്ഷയ്ക്കുമായി കർഷകർക്ക് അംഗീകൃത ഏജൻസിയായ അഗ്രിക്കൾച്ചർ ഇൻഷുറൻസ് കമ്പനിയുമായി ബന്ധപ്പെടുകയോ, ഔദ്യോഗിക ഓൺലൈൻ പോർട്ടൽ ആയ https://pmfby.gov.in സന്ദർശിക്കുകയോ, 1800-425-7064 എന്ന ടോൾ ഫ്രീ നമ്പറിൽ വിളിക്കുകയോ ചെയ്യുക. അപേക്ഷ സമർപ്പിച്ച ശേഷം ലഭിക്കുന്ന പോളിസി കോപ്പി പരിശോധിച്ച് പ്രീമിയം തുക, ഇൻഷുറൻസ് ചെയ്ത പഞ്ചായത്ത്, വിളയുടെ പേര് എന്നിവ കൃത്യമാണോയെന്ന് ഉറപ്പുവരുത്തി സൂക്ഷിക്കേണ്ടതാണ്.

3. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് കൊല്ലം ജില്ല നെടുവത്തൂർ കൃഷി ഭവനിൽ വച്ച് 'ആത്മ' പദ്ധതിയുടെ സഹകരണത്തോടെ ഇന്ന് രാവിലെ 10 മണി മുതൽ ദീർഘ കാലാടിസ്ഥാനത്തിൽ വിജയകരമായി ചെയ്യാൻ പറ്റുന്ന ഫലവർഗ്ഗ വിളകളെ കുറിച്ചുള്ള പരിശീലന ക്ലാസ് ഉണ്ടായിരിക്കുന്നതാണെന്ന് കൊട്ടാരക്കര കൃഷി അസിസ്റ്റന്റ് ഡയറക്ടർ ധന്യ അറിയിച്ചു. സംസ്ഥാന കൃഷി വകുപ്പിന്റെ അംഗീകാരത്തിൽ പ്രവർത്തിക്കുന്ന ഹോംഗ്രോണുമായി സഹകരിച്ച് നടത്തുന്ന ഈ പരിശീലന ക്ലാസിൽ കർഷകർക്ക് പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് 7907712327 എന്ന നമ്പറിൽ ബന്ധപ്പെടുക.

4. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചുവരുന്ന ഭക്ഷ്യ സംസ്കരണശാലയിൽ പഴങ്ങളും പച്ചക്കറികളും സംസ്കരിച്ച് ഉപഭോക്താവിന്റെ ആവശ്യാനുസരണം വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു. കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടേണ്ട ഫോൺ നമ്പർ 8547070773

5. വളം-സസ്യസംരക്ഷണ രാസവസ്തുക്കളുടെ വിൽപ്പനകേന്ദ്രം ആരംഭിക്കാൻ ആവശ്യമായ നിയമപരമായ യോഗ്യത നേടുന്നതിനുള്ള ദേശി (DAESI) ഡിപ്ലോമ കോഴ്സ് കൃഷി വിജ്ഞ്യാൻ കേന്ദ്ര ( KVK)

പത്തനംതിട്ടയിൽ ഉടൻ ആരംഭിക്കുന്നു. MANAGE, ഗവണ്മെന്റ് ഓഫ് ഇന്ത്യയുടെ മാർഗനിർദേശത്തിൽ Nodal Training Institute (NTI) ആയ KVK പത്തനംതിട്ട ATMA പത്തനംതിട്ടയുടെ സഹകരണത്തോടെ നടത്തുന്ന 48 ആഴ്ച കോഴ്സാണ്. കോഴ്സ് ഫീസ് ₹28,000/-. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും ബന്ധപ്പെട്ട പഞ്ചായത്തിലെ ബന്ധപ്പെട്ട കൃഷി ഭവൻ , പ്രൊജക്റ്റ് ഡയറക്ടർ ATMA അല്ലെങ്കിൽ KVK പത്തനംതിട്ട എന്നിവരുമായി 0469-2662094 / 0469-2661821 എന്നീ ഫോൺ നമ്പറിൽ ബന്ധപ്പെടുക.

**6.** കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് നടത്തുന്ന ആറു മാസം ദൈർഘ്യമുള്ള ബീകീപ്പിങ് ട്രെയിനിങ് കോഴ്സിലേക്ക് അപേക്ഷിക്കാം. യോഗ്യത എസ്എസ്എൽസി/ തത്തുല്യം. പ്രായപരിധി 18-30. കോഴ്സ് ഫീസ് 30,000 രൂപ. അവസാന തീയതി ജൂലൈ 31. അപേക്ഷ khadi.kerala.gov.in ൽ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് 9747321760 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

7. സ്പൈസസ് ബോർഡ് നടപ്പിലാക്കുന്ന '**സ്പൈസ്ഡ്**' പദ്ധതിയുടെ കീഴിൽ സഹായം ലഭിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു സുഗന്ധവ്യഞ്ജന മേഖലയിലെ കർഷകർ, കയറ്റുമതിക്കാർ, ഉൽപാദക സംഘടന കൾ, ഈ രംഗത്തെ മറ്റ് പങ്കാളികൾ എന്നിവർക്ക് പദ്ധതിയുടെ വിവിധ ഘടകങ്ങൾക്കു കീഴിലുള്ള

ധനസഹായത്തിന് അപേക്ഷിക്കാം. മാർഗനിർദേശങ്ങൾ Guidelines for implementation of SPICED Scheme.pdf എന്ന ലിങ്കിൽ ലഭ്യമാണ്. അപേക്ഷകൾ ഓൺലൈൻ മുഖേന ഓഗസ്റ്റ് 31 വരെ സമർപ്പിക്കാം.

8. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഉണക്കറബ്ബറിൽ നിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ അഞ്ചുദിവസത്തെ പരിശീലനം നൽകുന്നു. മോൾഡഡ്, എക്സ്ട്രൂഡഡ്, കാലെൻഡേർഡ് ഉത്പന്നങ്ങളുടെ നിർമ്മാണം, റബ്ബർകോമ്പൗണ്ടിങ്, പ്രോസസ്സ്കൺട്രോൾ, വൾക്കനൈസേറ്റ് പരിശോധനകൾ, എം.എസ്.എം.ഇ. (മൈക്രോ സ്മോൾ & മീഡിയം എൻറർപ്രൈസസ്) പദ്ധതികൾ തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം 2026 ജൂലൈ 27 മുതൽ 31 വരെ നടത്തും. പരിശീലന മാധ്യമം ഇംഗ്ലീഷ് ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽവിവരങ്ങൾക്ക് 9497487209, 04812353127 എന്ന ഫോൺ നമ്പരിലോ 04812353201 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം.

9. വെള്ളായണി കാർഷിക കോളേജിലെ പോസ്റ്റ് ഹാർവെസ്റ്റ് മാനേജ്മെന്റ് വിഭാഗം പഴം- പച്ചക്കറി സംസ്കരണം എന്ന വിഷയത്തിൽ ഓഗസ്റ്റ് 4ന് പരിശീലന പരിപാടി നടത്തും. കൂടുതൽ വിവരങ്ങൾക്ക് 8089076698 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.